**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 607 04.02.2020-ലെ മറുപടിയ്ക്ക്

**<u>മാനേജർമാരുടെയും കോച്ചുമാരുടെയും തെരഞ്ഞെടുപ്പ്</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ദേശീയ സിവിൽ സർവ്വീസ് കായികമേളയിൽ പങ്കെടുക്കുന്ന വിവിധ ടീമുകളുടെ മാനേജർമാരെയും കോച്ചുമാരെയും തിരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന വിശദമാക്കുമോ; | (എ) & (ബി) | അതാത് കായിക ഇനത്തിൽ ടീമിന്റെ അംഗബലം, ദേശീയ തലത്തിൽ പ്രതീക്ഷിക്കുന്ന പ്രകടന മികവ്, മത്സരങ്ങൾ നടക്കുന്ന വേദി, ലഭ്യമായ താമസ/യാത്രാ സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഉത്തരവാദിത്ത്വത്തിന്റെ തോത് നിർണ്ണയിച്ച്, നാമനിർദ്ദേശം ചെയ്യപ്പെടുന്ന സന്നദ്ധരായ ഉദ്യോഗസ്ഥരിൽ നിന്നും മുൻകാല കായിക നേട്ടങ്ങൾ, സംഘാടക മികവ്, പരിചയ സമ്പത്ത്, കൃത്യനിർവ്വഹണത്തിലെ പ്രാവീണ്യം, സർവ്വീസ് ദൈർഘ്യം എന്നിവ പരിഗണിച്ച് സർക്കാർ തെരഞ്ഞെടുക്കുന്ന അനുയോജ്യരായ വ്യക്തികളെയാണ് അതാത് കായികയിനത്തിന്റെ കോച്ച്/മാനേജർ ചുമതല നൽകി സർക്കാർ ഉത്തരവാകുന്നത്. യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച പ്രത്യേക ഉത്തരവുകൾ നിലവിലില്ല. |
| (ബി) | കേരള ടീമിന്റെ മാനേജർമാരായും കോച്ചുകളായും പ്രവർത്തിക്കുന്നവർക്ക് നിശ്ചിത യോഗ്യതയില്ലാത്തകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**